**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജനുവരി 23<br>January 23 | 2020 |
|---|---|

**1193 മകരം 9 വ്യാഴം**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്തു;**
**സർക്കാർ ഉദ്യോഗസ്ഥരും സ്മാർട്ടാകണം: മന്ത്രി ഇ. ചന്ദ്രശേഖരൻ**

സ്മാർട്ടാകേ ത് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ മാത്രമല്ല അവിടുത്തെ ഉദ്യോഗസ്ഥർ കൂടിയാണെന്ന് റവന്യു-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ പറഞ്ഞു. ആധുനിക സൗകര്യങ്ങളോടുകൂടിയ ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ സൗകര്യങ്ങളോടുംകൂടിയ ഓഫീസിലിരുന്നു സംതൃപ്തമായ മനസോടെ ജീവനക്കാർ പ്രവർത്തിക്കുമ്പോൾ ജനങ്ങളെക്കൂടി സംതൃപ്തരാക്കാൻ കഴിയും എന്ന വിശ്വാസമാണു സർക്കാരിനുള്ളത്. ജനങ്ങളുടെ പ്രശ്നങ്ങൾ യഥാവിധി യഥാസമയം പരിഹരിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. ആ നയം നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം എല്ലാ നിലയിലുള്ള ഉദ്യോഗസ്ഥർക്കും ഉ ന്നും അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ പ്രശ്നത്തിൽ പരിഹാരമു ാക്കുന്നതിൽ സർക്കാർ ജീവനക്കാർ ജനസൗഹൃദപരമായ സമീപനം സ്വീകരിക്കണം. ജനങ്ങൾക്കു സേവനം നൽകാനുള്ള ബാധ്യത ഉ ന്ന പൂർണ്ണബോധ്യത്തോടെ വേണം വില്ലേജുകളിലെ ജീവനക്കാർ പ്രവർത്തിക്കേ ത്. ഈ പ്രവർത്തികളുടെ അടിസ്ഥാനത്തിലാകും ജനങ്ങൾ സർക്കാരിനെ വിലയിരുത്തുക.

കേരളത്തിലെ 1664 വില്ലേജുകളിൽ 270 സ്ഥലങ്ങളിൽ ചുറ്റുമതിലും 230 സ്ഥലങ്ങളിൽ അറ്റകുറ്റപണികൾ പൂർത്തിയാക്കുകയും മറ്റു 230 കെട്ടിടങ്ങളിൽ ഒരു

അധിക മുറി ഉൾപ്പെടെയുള്ള സൗകര്യങ്ങളുമായി 700ൽ പരം ഓഫീസുകൾ നന്നാക്കിയെടുക്കാൻ ഈ സർക്കാരിനു സാധിച്ചു. കൂടാതെ 146 സ്മാർട്ട് വില്ലേജുകൾ നേരത്തെയും റീബിൽഡ് കേരള പദ്ധതിയിലൂടെ 70 പുതിയ വില്ലേജ് ഓഫീസുകൾക്കുമുള്ള നടപടികൾ സ്വീകരിച്ചു. അതിൽ ഏനാത്ത് ഉൾപ്പെടെ പൂർത്തീകരിക്കാനായെന്നും അദ്ദേഹം പറഞ്ഞു.

സർക്കാർ സ്ഥാപനങ്ങൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി പഴയ മാർക്കറ്റ് ജംഗ്ഷനു സമീപമാണു സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം നിർമ്മിച്ചിട്ടുള്ളത്.

ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി നൂഹ് സ്വാഗതം പറഞ്ഞു. എ.ഡി.എം അലക്സ് പി.തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാപ്രഭ, ജില്ലാ പഞ്ചായത്ത് അംഗം ബി.സതികുമാരി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ, ഏഴംകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാമണി ഹരികുമാർ, അടൂർ തഹസിൽദാർ ബീന എസ് ഹനീഫ്, ഏഴംകുളം ഗ്രാമ പഞ്ചായത്തംഗങ്ങൾ, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ എ.പി ജയൻ, മണ്ണടി പരമേശ്വരൻ, ബി. ജോൺ കുട്ടി, അനിൽ ഏനാത്ത് തുടങ്ങിയവരും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: സ്മാർട് വില്ലേജ്:-***

ആധുനിക സൗകര്യങ്ങളോടുകൂടിയ ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.

***സ്മാർട് വില്ലേജ് 2,3:-*** ആധുനിക സൗകര്യങ്ങളോടുകൂടിയ ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്ത് മന്ത്രി ഇ.ചന്ദ്രശേഖരൻ സംസാരിക്കുന്നു.

(പിഎൻപി 400/2020)

## നിയമസഭാ സമിതി യോഗം 27ന് പത്തനംതിട്ടയിൽ

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി ഈ മാസം 27ന് രാവിലെ 10.30ന് പത്തനംതിട്ട ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. പത്തനംതിട്ടയിൽ നിന്നു ലഭിച്ചതും സമിതിയുടെ പരിഗണനയിലുള്ളതുമായ ഹർജികളിൽ ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുക്കും. തുടർന്നു ജില്ലയിലെ സർക്കാർ ചിൽഡ്രൻസ് ഹോം, മഹിളാ മന്ദിരം, വൃദ്ധസദനം എന്നിവിടങ്ങളിൽ സന്ദർശിക്കും. സമിതി മുമ്പാകെ പരാതി സമർപ്പിക്കാൻ താത്പര്യമുള്ള സംഘടനകൾക്കും വ്യക്തികൾക്കും യോഗത്തിനെത്തി രേഖാമൂലം പരാതി നൽകാം.

(പിഎൻപി 401/2020)

## മാധ്യമ വിദ്യാർത്ഥികൾക്ക് ശിൽപശാലയിൽ രജിസ്റ്റർ ചെയ്യാം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മാധ്യമ ദിനാചരണത്തിന്റെ ഭാഗമായി ജനുവരി 29, 30 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാലയിൽ മാധ്യമ വിദ്യാർത്ഥികൾക്കു പങ്കെടുക്കാം. ഇന്ത്യയിലെ പ്രമുഖ മാധ്യമ

പ്രവർത്തകർ പങ്കെടുക്കുന്ന ശിൽപശാലയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്കാണു പ്രവേശനം. വിവിധ വിഷയങ്ങളിൽ പ്രഗത്ഭർ സംവദിക്കുകയും വിദ്യാർത്ഥികൾക്കു മുതിർന്ന മാധ്യമ പ്രവർത്തകരുമായി ആശയവിനിമയത്തിന് അവസരം ലഭിക്കുകയും ചെയ്യും. താത്പര്യമുള്ളവർ ജനുവരി 25ന് വൈകിട്ട് അഞ്ചിനകം 9895394630, 9744764171 എന്ന നമ്പറുകളിലൊന്നിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം.

(പിഎൻപി 402/2020)

## പ്രധാൻ മന്ത്രി ശ്രം യോഗി മൻ–ധൻ (പി.എം.എസ്.വൈ.എം) യോജന

കേരളത്തിലെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രധാൻ മന്ത്രി ശ്രം യോഗി മൻ–ധൻ(പി.എം.എസ്.വൈ.എം) യോജന എന്ന പേരിൽ ഭാരത സർക്കാർ പുതിയ പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടു ്. അംഗങ്ങളായ തൊഴിലാളികൾക്ക് പി.എം.എസ്.വൈ.എം എന്ന പെൻഷൻ പദ്ധതിയിൽ ചേരാം. തൊഴിലാളി കുടിശിക അടയ്ക്കാനുള്ള അവസരം സമ്പൂർണ തൊഴിലാളി രജിസ്ട്രേഷന്റെ ഭാഗമായി മാർച്ച് 31 വരെ ദീർഘിപ്പിച്ചു.

(പിഎൻപി 403/2020)

## മസ്റ്ററിംഗ് നടത്തണം

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമബോർഡ് പത്തനംതിട്ട ജില്ലാ ഓഫീസിൽ നിന്നും നിലവിൽ പെൻഷൻ ലഭിച്ചുകൊ ിരിക്കുന്ന എല്ലാ പെൻഷൻകാരും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർ ഉൾപ്പെടെ മസ്റ്ററിംഗ് നത്തിയിട്ടില്ലാത്ത പെൻഷൻകാർ ഈ മാസം 31 ന് മുമ്പ് അക്ഷയകേന്ദ്രങ്ങളിൽ എത്തി മസ്റ്ററിംഗ് നടത്തണം. ജനുവരി 25, 27 തീയതികളിൽ പത്തനംതിട്ട ജില്ലാ ഓഫീസിൽ മസ്റ്ററിംഗ് നടത്തുന്നതിനുള്ള സൗകര്യം ഉ ായിരിക്കും. ആധാർ കാർഡ്, പെൻഷൻ ഐ.ഡി എന്നിവ കൈവശം കരുതണമെന്ന് പത്തനംതിട്ട ജില്ലാ ഓഫീസർ അറിയിച്ചു.

(പിഎൻപി 404/2020)

## ലേലം 11ന്

പട്ടിക വർഗ വികസന വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിലെ വടശേരിക്കരയിൽ പ്രവർത്തിക്കുന്ന ഗവ. മോഡൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളിൽ സൂക്ഷിച്ചു വരുന്ന പാഴ്കടലാസുകൾ ലേലം ചെയ്തു വിൽക്കും. ഫെബ്രുവരി 11 ന് രാവിലെ 11.30 ന് സ്കൂൾ കാമ്പസിൽ ലേലം നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04735 251153 എന്ന നമ്പരിൽ ബന്ധപ്പെടണം.

(പിഎൻപി 405/2020)

.


പത്തനംതിട്ട ജില്ലാതല
പട്ടയമേള 202




മേള 2020


പത്തനംതിട്ട ജില്ലാതല
പട്ടയമേള 2020


പത്തനംതിട്ട ജില്ലാതല
പട്ടയമേള 202


പത്തനംതിട്ട ജില്ലാതല



പത്തനംതിട്ട ജില്ലാതല

പത്തനംതിട്ട ജില്ലാതല

പത്തനംതിട്ട ജില്ലാതല
പട്ടയമേള 2020